സഹായം നൽകി. 204364 പേർക്ക് മിനികിറ്റ്സ് വിതരണവും 24122 പേർക്ക് ഭൂവികസനത്തിന് സഹായവും നൽകി. പ്രസ്തുത വർഷം മൊത്തം 552.28 ലക്ഷം രൂപ വിനിയോഗിച്ചു.

1986-87-ൽ ചെറുകിട ജലസേചനത്തിനായി 30-9-1986 വരെ 8705 പേർക്ക് ആനുകൂല്യം നൽകി. 6886 പമ്പു സെറ്റുകൾക്കും, 2552 കിണറുകൾക്കും 1206 പമ്പു ഹൗസുകൾക്കും, 475 മറ്റു ജലസേചന പദ്ധതികൾക്കും സഹായം നൽകി. 15100 പേർക്ക് മിനികിറ്റ്സ് വിതരണവും നൽകി. മൊത്തം 158.60 ലക്ഷം രൂപ ഈ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു.

ക്ഷേമനിധി ബോർഡുകളിൽ പി. എസ്. സി. മുഖേന നിയമനം

* 268. [289] ശ്രീ. എം. ജിനദേവൻ :

,, ഒ. രേതൻ :

,, കെ. പി. അരവിന്ദാക്ഷൻ :

,, ഇ. പത്മനാഭൻ :

,, സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ക്ഷേമനിധി ബോർഡുകളിൽ പി. എസ്. സി. മുഖേന മാത്രമേ നിയമനം നടത്താവൂ എന്ന് ഗവൺമെൻറ് കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നടക്കുന്നതിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന ആരോപണം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പി. എസ്. സി. മുഖേന മാത്രമേ നിയമനം നടത്താവൂ എന്ന കൽപ്പന പുറപ്പെടുവിച്ചതിനുശേഷവും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) വിവിധ ക്ഷേമനിധി ബോർഡുകളിലേക്കുള്ള നിയമനം പി. എസ്. സി. മുഖാന്തിരം നടത്തണമെന്നാണ് കാബിനറ്റ് തീരുമാനം. എന്നാൽ പി. എസ്. സി. യ്ക്ക് വിടണമെന്നുള്ള Enabling Legislation പാസ്സാകുന്നതുവരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നിയമനം സ്വരണം നിയമനം നടത്താമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഇല്ല. പി. എസ്. സി. മുഖേന മാത്രമേ നിയമനം നടത്താവൂ എന്ന് കൽപ്പന പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly